പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2119 | 07/03/2017-ൽ മറുപടിക്ക്

## സ്വകാര്യ ആശുപത്രികളിലെ ഫീസ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഡി.കെ.മുരളി | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) കേരളത്തിലെ സ്വകാര്യ ആശുപത്രികൾ വിവിധ ചികിത്സകൾക്കും പരിശോധനകൾക്കും നിയന്ത്രണമില്ലാത്ത രീതിയിൽ ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>ബി) ഇതൊഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ആലോചിക്കുന്നത്;<br>സി) സ്വകാര്യ ആശുപത്രികളെ ഗ്രേഡ് തിരിച്ച് ഏകീകൃതമായ ഫീസ് ഘടന നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | എ) യും ബി) യും സി) യും | ഉണ്ട്. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2017"-ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുന്നതോടെ മാത്രമേ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ മേൽ സർക്കാരിന് നിയന്ത്രണം ഏർപ്പെടുത്താൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ